ആത്യന്തിക വിലയിരുത്തൽ II 2026-27 (രണ്ടാം ടേം)

അടിസ്ഥാനപാഠാവലി (മലയാളം II)

ക്ലാസ് : 7 **സമയം : 2 മണിക്കൂർ**

നിർദേശങ്ങൾ

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
- ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

(1) വായിക്കാം, എഴുതാം

വീട്ടിലെ നായയായിരുന്നു കുട്ടൻ. കറുപ്പും വെളുപ്പും ഇടകലർന്ന രോമം. ആരു വന്നാലും വാലാട്ടി സ്വീകരിക്കും. എന്നാൽ അപരിചിതർ രാത്രി പടികടന്നാൽ അവന്റെ കുര കേട്ട് നാടുണരും. ഒരു രാത്രി കനത്ത മഴ. വീടിനു പിന്നിലെ തോട് കരകവിഞ്ഞൊഴുകി. കുട്ടൻ നിർത്താതെ കുരച്ചു. ഉറക്കമുണർന്ന അച്ഛൻ നോക്കുമ്പോൾ വെള്ളം അടുക്കളപ്പടി വരെ എത്തിയിരുന്നു. എല്ലാവരും സുരക്ഷിതമായി അയൽവീട്ടിലേക്കു മാറി. പിറ്റേന്നു നാട്ടുകാർ പറഞ്ഞു: "കുട്ടനാണ് ഈ വീടിന്റെ കാവൽക്കാരൻ."

a) അപരിചിതർ രാത്രി വന്നാൽ കുട്ടൻ എന്തു ചെയ്യും?

A. വാലാട്ടി സ്വീകരിക്കും B. ഉറക്കെ കുരയ്ക്കും

C. ഒളിച്ചിരിക്കും D. ഓടിപ്പോകും

b) "അവന്റെ കുര കേട്ട് നാടുണരും" - ഈ പ്രയോഗം സൂചിപ്പിക്കുന്നത്:

A. കുട്ടന്റെ കുര വളരെ ഉച്ചത്തിലാണ് B. നാട്ടുകാർ ഉറങ്ങാറില്ല

C. കുട്ടൻ രാവിലെ കുരയ്ക്കും D. കുട്ടന് പേടിയാണ്

c) പ്രസ്താവന 1 : മഴയത്ത് തോട് കരകവിഞ്ഞൊഴുകി.
പ്രസ്താവന 2 : കുട്ടന്റെ കുര കാരണം കുടുംബം രക്ഷപ്പെട്ടു.

A. പ്രസ്താവന ഒന്നും രണ്ടും ശരി B. പ്രസ്താവന ഒന്നു മാത്രം ശരി

C. പ്രസ്താവന രണ്ടു മാത്രം ശരി D. പ്രസ്താവന ഒന്നും രണ്ടും തെറ്റ്

www.educationobserver.com

d) കഥയിലെ സൂചനകൾ പ്രകാരം കുട്ടന്റെ നിറം എന്താണ്?

A. തവിട്ടുനിറം
B. കറുപ്പും വെളുപ്പും
C. മുഴുവൻ കറുപ്പ്
D. ചുവപ്പ്

e) ഈ കഥയ്ക്ക് യോജിച്ച ശീർഷകം ഏത്?

A. മഴക്കാലം
B. വീടിന്റെ കാവൽക്കാരൻ
C. അയൽവീട്
D. തോട്ടിലെ മീൻ

(2a) ചിത്രവിശകലനം



ചിത്രം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(2b)

ഒഴുകുന്ന പുഴയോടു ചോദിച്ചു ഞാൻ
"എവിടേക്കു പോകുന്നു നീ ഇത്ര വേഗം?"
"ദാഹിച്ച വയലിനും കിളിക്കും മരത്തിനും
നീരേകാൻ" എന്നു പുഴ ചൊല്ലി.

ഈ വരികളിൽ പുഴയുടെ ഏതു സവിശേഷതയാണ് തെളിയുന്നത്?

A. മറ്റുള്ളവർക്കായി ജീവിക്കുന്ന നന്മ
B. ദേഷ്യം

C. അലസത D. അഹങ്കാരം

(2c)

"കാട് ആരുടേത്?" - ഈ ചോദ്യത്തിന് ഏറ്റവും യോജിച്ച ഉത്തരം ഏത്?

A. കാട് മനുഷ്യന്റേതു മാത്രം B. കാട് എല്ലാ ജീവജാലങ്ങളുടേതും

C. കാട് മരംവെട്ടുകാരുടേത് D. കാട് ആരുടേതുമല്ല

(3a), (3b) എന്നിവയിൽ ഒന്നിനു മാത്രം ഉത്തരമെഴുതുക.

(3a) പ്രതികരണക്കുറിപ്പ്

വാർത്ത : "കാഴ്ചപരിമിതിയുള്ള സഹപാഠിക്കു പരീക്ഷയെഴുതാൻ സഹായിയായി ഏഴാം ക്ലാസുകാരി. ഒരു വർഷമായി കൂട്ടുകാരിക്കു പാഠങ്ങൾ വായിച്ചുകൊടുക്കുന്നതും അവൾ തന്നെ."

ഈ വാർത്തയോടുള്ള നിങ്ങളുടെ പ്രതികരണം "സ്നേഹസുന്ദരപാതയിലൂടെ" എന്ന യൂണിറ്റിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തി എഴുതുക.

അല്ലെങ്കിൽ

(3b) വിശകലനക്കുറിപ്പ്

പണ്ടിവിടൊരു കാടുണ്ടായിരുന്നു,
പച്ചപ്പുതപ്പിട്ട മലയുണ്ടായിരുന്നു,
ഇന്നവിടെ ഉയരുന്നു കോൺക്രീറ്റ് കാട്,
കിളിപ്പാട്ടിനു പകരം യന്ത്രത്തിന്റെ ഒച്ച.

ഈ വരികളിലെ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(4a), (4b) എന്നിവയിൽ ഒന്നിനു മാത്രം ഉത്തരമെഴുതുക.

(4a) ആസ്വാദനക്കുറിപ്പ്

മാനത്തു മേഘങ്ങൾ മേയുന്ന നേരം
മയിലാടും കുന്നിന്റെ ചെരുവിൽ,
ചാറ്റൽമഴത്തുള്ളി ചിലങ്ക കെട്ടി
ചുവടുവെക്കുന്നു വയലിൽ.

കവിതയിലെ ബിംബങ്ങൾ, പ്രയോഗഭംഗി, താളം എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

www.educationobserver.com

(4b) താരതമ്യക്കുറിപ്പ്

കവിത 1	കവിത 2
പൂവിനു മണമുണ്ട്, കിളിക്കു പാട്ടുണ്ട്, ഓരോരുത്തർക്കും ഓരോ കഴിവുണ്ട്.	ചെറിയൊരു മിന്നാമിന്നി ഇരുളിൽ വെളിച്ചമാകുന്നു, ചെറുതെന്നു തോന്നുന്നതൊന്നും ചെറുതല്ല ലോകത്തിൽ.

രണ്ടു കവിതകളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(5) ലഘുലേഖ

നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതി ക്ലബ്ബ് "കാവുകളും കാടും സംരക്ഷിക്കാം" എന്ന സന്ദേശവുമായി ഒരു ബോധവൽക്കരണ പരിപാടി നടത്തുന്നു. ഇതിനായി ഒരു ലഘുലേഖ തയ്യാറാക്കുക.

(6) സംഭാഷണം

കിണറ്റിൽ വീണ പൂച്ചയെ രക്ഷിക്കാനുള്ള ശ്രമങ്ങൾക്കു ശേഷം കാസിം വീട്ടിലെത്തുന്നു. നടന്ന കാര്യങ്ങളെക്കുറിച്ച് കാസിമും ഭാര്യയും തമ്മിൽ നടക്കാനിടയുള്ള സംഭാഷണം തയ്യാറാക്കുക.

* * * * *

www.educationobserver.com